**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3139 | 15.12.2015-ൽ മറുപടിയ്ക്ക്

## തീരദേശ ഹൈവേ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എം. ആരിഫ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്തുവകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണപുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; | (എ) നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ തീരദേശ റോഡായ ആലപ്പുഴ — അർത്തുങ്കൽ - ചെല്ലാനം റോഡ് 0/000 മുതൽ 32/740 വരെ ഉള്ള ഭാഗത്തിൽ, 0/000 മുതൽ 1/650 വരെയുള്ള ഭാഗം ഒഴികെയുള്ള റോഡ് ബി.എം. & ബി.സി ചെയ്തിട്ട് ആറു വർഷമായി. ആലപ്പുഴ ടൗണിൽ 2 കി.മീ. ദേശീയപാത ബൈപ്പാസിന്റെ ഭാഗമാണ്. അതിന്റെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അതിനു ശേഷമുള്ള 1.5 കി.മീ. റോഡിൽ പുനഃരുദ്ധാരണം നടത്തേണ്ടതായിട്ടുണ്ട്. വാടാപ്പൊഴി പാലം മുതൽ മത്സ്യഗന്ധി ജംഗ്ഷൻ വരെ മിസ്സിംഗ് ലിങ്ക് 475 മീറ്റർ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. തുടർന്നുള്ള ഭാഗം എൻ.എച്ച്.എസ്.എൻ.എം.എച്ച്. എസ്. ജംഗ്ഷൻ മുതൽ പുറക്കാട് - ഇരട്ടക്കുളങ്ങര മത്സ്യഗന്ധി ജംഗ്ഷൻ വരെയുള്ള 15.85 കി.മീ. ഭാഗം നിലവിൽ 20 മി.മീ. ചിപ്പിംഗ് കാർപ്പെറ്റ് ജോലികൾ ചെയ്തിട്ടുണ്ട്. തുടർന്നുള്ള തോട്ടപ്പള്ളി - തൃക്കുന്നപ്പുഴ റോഡ് 7.6 കി.മീ ബി.എം ബി.സി ജോലികൾ പൂർത്തിയായിട്ടുണ്ട്. തുടർന്നുള്ള തൃക്കുന്നപ്പുഴ — വലിയഴീക്കൽ റോഡ് 15.70 കി.മീ. ൽ ആദ്യത്തെ 5 കി.മീ. ബി.എം. & ബി.സി ജോലികൾ പുരോഗമിച്ചു വരുന്നു. തുടർന്നുള്ള ഭാഗത്തിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള 12 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) ഇതിനായി ജില്ലയിൽ സ്ഥലമെടുപ്പു പൂർത്തിയാക്കാനും, റോഡുനിർമ്മാണം പൂർത്തീകരിക്കാനും ബാക്കിയുള്ളത് ഏതെല്ലാം മണ്ഡലത്തിൽ, എവിടെയെല്ലാം എത്ര കിലോമീറ്റർ വീതം എന്ന് വ്യക്തമാക്കുമോ; | (ബി) അരൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, ഹരിപ്പാട് മണ്ഡലങ്ങളിലാണ് സ്ഥലമെടുപ്പു പ്രവൃത്തികളും, നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിക്കുവാനുള്ളത്. ആലപ്പുഴ മണ്ഡലത്തിൽപ്പെട്ട ബി.എം. & ബി.സി. ചെയ്യുവാനുള്ള 0/000 മുതൽ 1/650 വരെയുള്ള ഭാഗവും, അമ്പലപ്പുഴ |

മണ്ഡലത്തിൽപ്പെട്ട ആലപ്പുഴ ടൗണിലുള്ള 1.50 കി.മീ. റോഡും, 475 മീറ്റർ മിസ്സിംഗ് ലിങ്കും, ഹരിപ്പാട് മണ്ഡലത്തിലുള്ള തോട്ടപ്പള്ളിവരെയുള്ള ഭാഗവും, തോട്ടപ്പള്ളി മുതൽ വലിയഴീക്കൽ വരെയുള്ള ഭാഗവുമാണ് പൂർത്തീകരിക്കുവാനുള്ളത്.

| | |
|---|---|
| (സി) നിലവിലെ തടസ്സങ്ങൾ നീക്കി ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) റോഡ് വീതി കൂട്ടുന്നതിനു വേണ്ട സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ